©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 നവംബർ 23<br>23rd November 2021<br>1197 വൃശ്ചികം 8<br>8th Vrischikam 1197<br>1943 അഗ്രഹായനം 2<br>2nd Agrahayana 1943 | നമ്പർ<br>No. | 3440 |


GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P) No.121/2021/TAXES. *Dated, Thiruvananthapuram, 22nd November, 2021*

*7th Vrischikam, 1197*

**S. R. O. No. 858/2021**

In exercise of the powers conferred by clause (a) of sub-section (1) of section 9 of the Kerala Stamp Act, 1959 (17 of 1959), the Government of Kerala, being of the opinion that it is necessary in the public interest so to do, hereby remit the stamp duty chargeable under the said act for the registration of the instrument of conveyance of an extent of 33.06 Ares of land owned by the Kerala

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Garments Ltd comprised in Resurvey numbers 150/2, 150/3 in Block No.3 in Kannur-2 Village, Kannur Municipality, Kannur District to the Kerala State Handloom Development Corporation free of cost.

By order of the Governor
Rajesh Kumar Singh IAS
*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The Managing Director, Kerala State Handloom Development Corporation (Hanveev) has requested the Government to grant exemption from stamp duty required for the registration of the instrument of conveyance of an extent of 33.06 Ares of land owned by the Kerala Garments Ltd comprised in Resurvey numbers 150/2, 150/3 in Block No.3 in Kannur-2 Village, Kannur Municipality, Kannur District to the Kerala State Handloom Development Corporation free of cost. The Government have decided to allow the request, on public interest.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 17-11-2021**

ഫയൽ നം. ജെ2/53/2021/നി.വ. ഇനം നം: 379

വിഷയം : നികുതി വകുപ്പ് - രജിസ്ട്രേഷൻ - കേരളാ ഗാർമെന്റ്സ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഹാൻവീവിന് കൈമാറുമ്പോൾ വസ്തുവിന്റെ രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഇളവ് ചെയ്ത് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

JS. 17/11

Scanned by CamScanner

# GOVERNMENT OF KERALA
# (SRI.PINARAYI VIJAYAN MINISTRY)
# NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | J2/53/2021/TAX |
| 2 | Department | Taxes (J) Department |
| 3 | Subject | Taxes Department – Registration – Exemption from Stamp Duty and Registration fee required for the registration of conveyance of land owned by the Kerala Garments Limited to Hanveev – Request - reg. |
| 4 | Date of Chief Minister's order for placing before the Council | 02/11/2021 |
| 5 | (i) Does the case involve financial commitments / implications | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes |
| 6 | Are any other Department concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7 | Name of Joint Secretary who submitted the Draft Note | Sri.Suresh Kumar.S |
| 8 | Name of Additional Chief Secretary who approved the Draft Note | Sri.Rajesh Kumar Singh |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | 9.11.2021 |
| 10 | Name of Chief Secretary who approved the Draft Note | Dr. V.P.Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 11.11.2021 |
| 12 | Name of Minister who approved the Draft Note | Sri.V.N.Vasavan |
| 13 | Date of approval of the Draft Note for the Council by the Minister | 11.11.2021 |
| 14 | Date of submission of fair copies | 15.11.2021 |
| 15 | Date of decision by the Council of Ministers | |
| 16 | Number and Date of the G.O / Letter communicating the decision. | |

Scanned by CamScanner

# NOTE FOR COUNCIL OF MINISTERS

This note is about the request of the Managing Director, Kerala State Handloom Development Corporation Ltd (Hanveev) to waive the stamp duty and registration fee required for the registration of the property when the land owned by Kerala Garments Limited is transferred to Hanveev free of cost.

2. Kerala Garments Ltd is a subsidiary company of Kerala State Handloom Development Corporation Ltd (Hanveev). Kerala Garments Ltd came to a complete halt on 10/01/2007 after providing benefits under the Voluntary Retirement Scheme to all employees as directed by the Government. Pursuant to GO (Ms) No.15/2011/ID dated 18/01/2011, the board meeting of Kerala Garments Ltd held on 19.11.2020 decided to handover 0.3306 Hectre (33.06 Ares) (0.3245 Hectre land in resurvey No. 150/2 and 0.0061 Hectre land in resurvey No. 150/3 in Block 3 of Kannur – 2 village of Kannur Municipality to Hanveev. Kerala Garments Ltd is a Kerala Government owned Public Sector Company that has been operating at a loss for years and is in a situation where it is currently facing a severe financial crisis. Hence, the Managing Director, Hanveev has requested to exempt them from the payment of stamp duty and registration fee required for registration of conveyance of the above mentioned land.

3. The fair value of 1 Are of land under the ownership of Kerala Garments Ltd in resurvey Nos.150/2, 150/3 in Block No.3 of Kannur – 2 village at Kannur Municipality in Kannur District is Rs.6,00,000/- . So the fair value of 33.06 Are land is Rs.1,98,36,000/-. Hence an amount of Rs.15,86,880/- towards stamp duty @ 8% and an amount of Rs.3,96,720/- towards registration fee @ 2% is required for the registration of conveyance of the land. The Inspector General of Registration has reported that if exemption from payment of Stamp duty and Registration fee is granted, Government will incur a revenue loss to the tune of Rs.19,83,600/- (Rupees Nineteen Lakhs Eighty Three Thousand Six Hundred only).

4. As per section 9(1)(a) of the Kerala Stamp Act, 1959 and section 78(2) of the Registration Act, 1908, the Government have the power to grant exemption from payment of Stamp duty and Registration fee respectively in public interest.

Scanned by CamScanner

5. When consulted, the Finance Department remarked as follows:

"കേരള ഗാർമെന്റ്സ് ലിമിറ്റഡിന്റെ അധീനതയിലുള്ള കണ്ണൂർ ജില്ലയിലെ കണ്ണൂർ മുനിസിപ്പാലിറ്റിയിലെ ബ്ളോക്ക് നമ്പർ 3 ൽ റീസർവ്വേ 150/2, 150/3 ൽപ്പെട്ട 0.3306 ഹെക്ടർ (33.06 ആർ) വസ്തു പ്രതിഫലം ഇല്ലാതെ കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന് കൈമാറുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകുന്നതിന് ക്യാബിനറ്റിന്റെ അംഗീകാരത്തിന് വിധേയമായി ഭരണവകുപ്പിന് അനുമതി നൽകുന്നു. ".

ഇതിന് ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്. "

6. When circulated, the Hon'ble Chief Minister has ordered to place the matter before the Council of Ministers.

## POINT FOR DECISION

Whether payment of Rs. 19,83,600/- (Rupees Nineteen Lakhs Eighty Three Thousand Six Hundred only) as Stamp duty and Registration fee required for the registration of conveyance of 33.06 Ares of land owned by Kerala Garments Ltd in resurvey Nos. 150/2, 150/3 in Block No.3 of Kannur – 2 Village of Kannur Municipality of Kannur District free of cost to the Kerala State Handloom Development Corporation, be exempted ?

Scanned by CamScanner

379

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നം. | ജെ2/53/2021/നി.വ |
| 2 | വകുപ്പ് | നികുതി (ജെ) വകുപ്പ് |
| 3 | വിഷയം | നികുതി വകുപ്പ് - രജിസ്ട്രേഷൻ - കേരളാ ഗാർമെന്റ്സ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഹാൻവീവിന് കൈമാറുമ്പോൾ വസ്തുവിന്റെ രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഇളവ് ചെയ്ത് നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 02/11/2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ.<br>അതെ. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.സുരേഷ് കുമാർ .എസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.രാജേഷ് കുമാർ സിങ്. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 9.11.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി .ജോയ്. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11.11.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.വി.എൻ.വാസവൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 11.11.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 15.11.2021 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | |

Scanned by CamScanner

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരളാ ഗാർമെന്റ്സ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന് (ഹാൻവീവ്) പ്രതിഫലമില്ലാതെ കൈമാറുമ്പോൾ വസ്തുവിന്റെ രജിസ്ട്രേഷന് ആവശ്യമായ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകണമെന്ന കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ് മാനേജിങ് ഡയറക്ടറുടെ അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന്റെ (ഹാൻവീവ്) ഉപഘടകമാണ് കേരള ഗാർമെന്റ്സ് ലിമിറ്റഡ്. സർക്കാർ നിർദ്ദേശ പ്രകാരം എല്ലാ ജീവനക്കാർക്കും സ്വയം വിരമിക്കൽ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകിയ ശേഷം 10/01/2007 മുതൽ കേരള ഗാർമെന്റ്സ് ലിമിറ്റഡിന്റെ പ്രവർത്തനം പൂർണമായി നിർത്തിയിട്ടുള്ളതാണ്. 18/01/2011 ലെ G.O(Ms) No.15/2011/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, കേരള ഗാർമെന്റ്സ് ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ കണ്ണൂർ മുനിസിപ്പാലിറ്റിയിൽ കണ്ണൂർ - 2 വില്ലേജിൽ ബ്ലോക്ക് 3, റീസർവ്വേ നമ്പർ 150/2 പ്രകാരമുള്ള 0.3245 ഹെക്ടർ (80.1856 സെന്റ്) ഭൂമിയും റീസർവ്വേ നമ്പർ 150/3 പ്രകാരമുള്ള 0.0061 ഹെക്ടർ (1.5073 സെന്റ്) ഭൂമിയും ഉൾപ്പെടെ ആകെ 0.3306 ഹെക്ടർ (33.06 ആർ) ഹാൻവീവിന്റെ ഉടമസ്ഥതയിലേക്ക് കൈമാറ്റം ചെയ്യുവാൻ കേരള ഗാർമെന്റ്സ് ലിമിറ്റഡിന്റെ 19.11.2020 ന് ചേർന്ന ഭരണസമിതി യോഗം തീരുമാനിച്ചിരുന്നു. ഹാൻവീവ് കേരള സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായതിനാലും വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്ഥാപനമായതിനാലും സ്ഥാപനം നിലവിൽ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കേരള ഗാർമെൻറ്സ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഹാൻവീവിലേക്ക് കൈമാറ്റം ചെയ്യുമ്പോൾ ആയത് രജിസ്റ്റർ ചെയ്യുവാൻ ആവശ്യമായ മുദ്ര വിലയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കിത്തരണമെന്ന് കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നു.

3. കേരള ഗാർമെന്റ്സ് ലിമിറ്റഡിന്റെ അധീനതയിലുള്ള കണ്ണൂർ ജില്ലയിലെ കണ്ണൂർ മുനിസിപ്പാലിറ്റിയിലെ കണ്ണൂർ - 2 വില്ലേജിൽ ബ്ലോക്ക് നമ്പർ 3 ൽ റീസർവ്വേ 150/2, 150/3 ൽപ്പെട്ട ഒരു ആർ വസ്തുവിന് 6,00,000/- രൂപ ന്യായവില നിശ്ചയിച്ചിട്ടുള്ളതിൻ പ്രകാരം 33.06 ആർ പട്ടിക വസ്തുവിന് 1,98,36,000/- രൂപ ന്യായവില കണക്കാക്കാവുന്നതാണ് . ടി വസ്തുവിന്റെ രജിസ്ട്രേഷന് 8% നിരക്കിൽ 15,86,880/- രൂപ സ്റ്റാമ്പ് ഡ്യൂട്ടിയും, 2% നിരക്കിൽ 3,96,720/- രൂപ രജിസ്ട്രേഷൻ ഫീസും ആവശ്യമായതിനാൽ സ്റ്റാമ്പ് ഡ്യൂട്ടിയിലും, രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ അനുവദിക്കുകയാണെങ്കിൽ സർക്കാരിന് 19,83,600/- രൂപയുടെ (പത്തൊൻപത് ലക്ഷത്തി എൺപത്തി മൂവായിരത്തി അറുന്നൂറ് രൂപ മാത്രം) റവന്യൂ നഷ്ടം ഉണ്ടാകുമെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

Scanned by CamScanner

4. 1959 ലെ കേരള മുദ്രപത്ര നിയമം 9(1) (a) വകുപ്പ് പ്രകാരവും, 1908 ലെ രജിസ്ട്രേഷൻ നിയമം 78(2) വകുപ്പ് പ്രകാരവും പൊതുതാത്പര്യാർത്ഥം ആവശ്യമെന്നു കണ്ടാൽ സർക്കാരിന് യഥാക്രമം മുദ്രവിലയിലും, രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ അനുവദിക്കാവുന്നതാണ്.

5. ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

"കേരള ഗാർമെന്റ്സ് ലിമിറ്റഡിന്റെ അധീനതയിലുള്ള കണ്ണൂർ ജില്ലയിലെ കണ്ണൂർ മുനിസിപ്പാലിറ്റിയിലെ കണ്ണൂർ - 2 വില്ലേജിൽ ബ്ളോക്ക് നമ്പർ 3 ൽ റീസർവ്വേ 150/2, 150/3 ൽപ്പെട്ട 0.3306 ഹെക്ടർ (33.06 ആർ) വസ്തു പ്രതിഫലം ഇല്ലാതെ കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന് കൈമാറുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകുന്നതിന് ക്യാബിനറ്റിന്റെ അംഗീകാരത്തിന് വിധേയമായി ഭരണവകുപ്പിന് അനുമതി നൽകുന്നു. "

ഇതിന് ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്. "

6. ഫയൽ സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രി സഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു: മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

കേരളാ ഗാർമെന്റ്സ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കണ്ണൂർ ജില്ലയിലെ കണ്ണൂർ മുനിസിപ്പാലിറ്റിയിലെ കണ്ണൂർ - 2 വില്ലേജിൽ ബ്ലോക്ക് നമ്പർ 3 ൽ റീസർവ്വെ 150/2, 150/3 ൽപ്പെട്ട 0.3306 ഹെക്ടർ (33.06 ആർ) വസ്തു കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന് പ്രതിഫലമില്ലാതെ കൈമാറുമ്പോൾ വസ്തുവിന്റെ രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ആവശ്യമായി വരുന്ന 19,83,600/- രൂപ (പത്തൊൻപത് ലക്ഷത്തി എൺപത്തി മൂവായിരത്തി അറുന്നൂറ് രൂപ മാത്രം) ഇളവ് ചെയ്ത് നൽകാമോ?

Scanned by CamScanner